## 1045

കണ്ണുനീരെന്നു മാറുമോ
വേദനകൾ എന്നു തീരുമോ
കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിപ്പാനായ് നീ വരണേ (2)

1 ഇഹത്തിൽ ഒന്നും ഇല്ലായേ
നേടിയതെല്ലാം മിഥ്യയേ
പരദേശിയാണുലകിൽ
ഇവിടെന്നും അന്യനല്ലോ (2)

2 പരനേ വിശ്രാമ നാട്ടിൽ ഞാൻ
എത്തുവാൻ വെമ്പൽകൊള്ളുന്നേ
ലേശം താമസം വയ്ക്കല്ലേ
നിൽപ്പാൻ ശക്തി തെല്ലും ഇല്ലായേ (2)